"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ആലുവ സെന്റ് മേരീസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (റിട്ട.) ശ്രീമതി സെലിൻ.പി.ഡി, തന്റെ മെഡിക്കൽ റീ-ഇംബേഴ്സമെന്റ് അപേക്ഷ പരിഗണിക്കുന്നതിനായി ഫയൽ ചെയ്ത WP(C)No.30499/2021 നമ്പർ കേസിലെ 15.03.2023 ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്**

സ.ഉ.(കൈ) നം.115/2024/GEDN തീയതി,തിരുവനന്തപുരം, 11-09-2024

---

പരാമർശം:-
1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.03.2021 ലെ ആർ(2)/28193/2018/ഡിജിഇ നമ്പർ കത്ത്
2) 13.04.2021 ലെ പി3/29/2021/പൊവിവ നമ്പർ സർക്കാർ കത്ത്
3) WP(C) No.30499/2021 കേസിലെ ബഹു. ഹൈക്കോടതിയുടെ 15.03.2023 ലെ വിധിന്യായം
4) WA No. 1237/2024 ലെ ബഹു. ഹൈക്കോടതിയുടെ 22.08.2024 ലെ വിധിന്യായം.
5) ശ്രീമതി സെലിൻ.പി.ഡി ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് നം. 1878/2024 ന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 30.05.2024 ലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ആലുവ സെന്റ് മേരീസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (റിട്ട.) ശ്രീമതി. സെലിൻ.പി.ഡി തന്റെ ചികിത്സയ്ക്ക് (renal transplant and immunosuppressive therapy) 13.06.2017 മുതൽ 06.07.2017 വരെയുള്ള കാലയളവിൽ ആലുവ രാജഗിരി ആശുപത്രിയിൽ ചെലവായ തുക റീഇംബേഴ്സ്മെന്റ് ചെയ്ത് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. 12.6.2020 ലെ 34/2020/ധന പരിപത്രം പ്രകാരം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിൽസ തേടുന്ന കേസുകളിൽ ചികിൽസാ തുക പ്രതിപൂരണം ചെയ്ത് നൽകുന്നത് പരിഗണനാർഹമല്ലാത്തതിനാലും, രോഗി ചികിൽസ തേടിയ കാലയളവിൽ ആലുവ, രാജഗിരി ആശുപത്രിയിലെ നെഫ്രോളജി വിഭാഗം സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാലും അപേക്ഷകയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷ പരാമർശം (2) പ്രകാരം സർക്കാർ നിരസിച്ചിരുന്നു.

2. ശ്രീമതി. സെലിൻ പി.ഡി തന്റെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ നിരസിച്ച നടപടി പുനപരിശോധിച്ച് തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ

WP(C) No.30499/2021 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു. ഹൈക്കോടതി പരാതിക്കാരിയുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ പുന:പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിച്ച് പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചു. പ്രസ്തുത വിധിന്യായത്തിനെതിരെ WA 1237/2024 പ്രകാരം ബഹു. ഹൈക്കോടതിയിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്തുവെങ്കിലും 22.08.2024-ലെ വിധിന്യായ പ്രകാരം പ്രസ്തുത അപ്പീൽ കോടതി തള്ളുകയുണ്ടായി. വിധിന്യായം നടപ്പിലാക്കാത്തതിനെതിരെ ഹർജിക്കാരി ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസിൽ വിധിന്യായം നടപ്പിലാക്കാത്തപക്ഷം 13.09.2024 ന് ഒന്നാം എതിർകക്ഷിയായ ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് വഴി ഹാജരാകുന്നതിന് പരാമർശം (5) പ്രകാരം ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. WP(C) No.30499/2021 കേസിലെ ബഹു. ഹൈക്കോടതിയുടെ 15.03.2023 ലെ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത അപ്പീൽ തള്ളിയ സാഹചര്യത്തിൽ, ഒരു പ്രത്യേക കേസായി പരിഗണിച്ച്, കീഴ്‌വഴക്കമാകുകയില്ല എന്ന വ്യവസ്ഥയിൽ, എറണാകുളം ജില്ലയിലെ ആലുവ സെന്റ് മേരീസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (റിട്ട.) ശ്രീമതി സെലിൻ.പി.ഡിയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമായി രേഖപ്പെടുത്തിയിട്ടുള്ള തുകയായ 4,20,359/- രൂപയുടെ 80% തുകയായ 3,36,287/- രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി ആറായിരത്തി ഇരുന്നൂറ്റി എൻപത്തി ഏഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി അപ്രകാരം പരാമർശം (3) വിധിന്യായം നടപ്പിലാക്കി ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റാണി ജോർജ്ജ്

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബില്ലുകളും അനുബന്ധരേഖകളും സഹിതം)
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
വിദ്യാഭ്യാസ ജില്ലാ ഓഫീസർ, ആലുവ
ശ്രീമതി.സെലിൻ പിഡി. എച്ച്.എസ്.ടി (റിട്ട) ഇലഞ്ഞിപ്പള്ളി, കല്ലൂർ, പൂവത്തുശ്ശേരി.പി.ഒ, ചാലക്കുടി
അഡ്വക്കേറ്റ് ജനറൽ കേരള, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള,തിരുവനന്തപുരം
ധനകാര്യ വകുപ്പ്(എൽ2/31/2022-ധന തീയതി 08.12.2023 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (11.09.2024 ലെ ഇനം നം. 2397)
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Shajahan. S
Date: 11-09-2024 17:00:43

സെക്ഷൻ ഓഫീസർ

രഹസ്യം

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 11-09-2024

ഫയൽ നം. ഇ2/66/2023/പൊ.വി.വ.

ഇനം നം: 2397

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - ആലുവ സെന്റ് മേരീസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി. (റിട്ട.) ശ്രീമതി. സെലിൻ പി.ഡി. മെഡിക്കൽ റീ-ഇംബേഴ്‌സ്‌മെന്റ് അപേക്ഷ പരിഗണിക്കുന്നതിനായി ഫയൽ ചെയ്ത WP(C)No.30499/2021 നമ്പർ കേസിലെ 15.03.2023-ലെ വിധിന്യായം നടപ്പിലാക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. രോഗിയുടെ അവസ്ഥയ്ക്കും/ ചികിത്സ തേടുന്നതിനുള്ള അടിയന്തര സാഹചര്യത്തിനും മുൻതൂക്കം നൽകിക്കൊണ്ട് നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്‌സ്‌മെന്റ് ചട്ടങ്ങളിൽ/ഉത്തരവുകളിൽ/മാർഗ്ഗനിർദ്ദേശങ്ങളിൽ, കാലോചിതമായ മാറ്റങ്ങൾ വരുത്തുന്ന കാര്യത്തിൽ ആരോഗ്യകുടുംബക്ഷേമ വകുപ്പ് ധനകാര്യ വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

Saradaly

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഇ2/66/2023 /പൊ.വി.വ |
| 2 | വകുപ്പ് | : | പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ് |
| 3 | വിഷയം | : | ആലുവ സെന്റ് മേരീസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (റിട്ട.) ശ്രീമതി സെലിൻ.പി.ഡി മെഡിക്കൽ റീ-ഇംബേഴ്സമെന്റ് അപേക്ഷ പരിഗണിക്കുന്നതിനായി ഫയൽ ചെയ്ത WP(C)No.30499/2021 നമ്പർ കേസിലെ 15.03.2023 ലെ വിധിന്യായം നടപ്പിലാക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/09/2024 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അതേ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ജ്യോതിലക്ഷ്മി.എൽ |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. റാണി ജോർജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.09.2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10.09.2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10.09.2024 |

14 കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി : 10.09.2024

15 മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി :

16 തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും :

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിലെ ആലുവ സെന്റ് മേരീസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (റിട്ട.) ശ്രീമതി സെലിൻ.പി.ഡി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No.30499/2021 നമ്പർ കേസിലെ 15.03.2023 ലെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) ശ്രീമതി സെലിൻ.പി.ഡി തന്റെ ചികിത്സയ്ക്ക് (renal transplant and immunosuppressive therapy) 13/6/2017 മുതൽ 6/7/2017 വരെയുള്ള കാലയളവിൽ ആലുവ രാജഗിരി ആശുപത്രിയിൽ ചെലവായ തുക റീഇംബേഴ്സ് ചെയ്തു ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തു സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ആയത് പരിഗണിയ്ക്കുന്നതിനായി ഫയൽ ആരോഗ്യവും കുടംബക്ഷേമവും വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം അറിയിക്കുകയുണ്ടായി :-

"This Department agrees to accord expost facto sanction for the renal transplantand immunosuppressive therapy treatment of Smt. Celine P D, HSA, St.Mary'sH.S, Aluva at RAjagiri Hospital, Aluva as a special case in relaxation ofexisting KGSMA Rules, 1960 so as to reimburse 80% of the admissible amount verified by the Director of Health Services, Thiruvananthapuram at Government rate, with the concurrence of Finance Department This has the approval of the Hon'ble Minister for Health and Social Justice."

3) തുടർന്ന് ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം അറിയിച്ചു.

"ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ പൂർവ്വകാലാനുമതി ഹാജരാക്കിയിട്ടുണ്ടെങ്കിലും 12.6.2020 ലെ 34/2020/ധന പരിപത്രം പ്രകാരം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽകൈക്കൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിൽസ തേടുന്ന കേസുകളിൽ ചികിൽസാ തുക പ്രതിപൂരണം ചെയ്ത് നൽകുന്നത് പരിഗണനാർഹമല്ലാത്തതിനാലും, രോഗി ചികിൽസ തേടിയ കാലയളവിൽ ആലുവ, രാജഗിരി ആശുപത്രിയിലെ നെഫ്രോളജി വിഭാഗം സർക്കാർ അംഗീകരിച്ചിട്ടില്ലാത്തതിനാലും, ചികിൽസാ തുക പ്രതിപൂരണം ചെയ്തു നൽകണമെന്നുള്ള ഭരണ വകുപ്പ് ശിപാർശ അംഗീകരിയ്ക്കാൻ നിർവ്വാഹമില്ല".

4) ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷയിലെ ആവശ്യം നിരസിച്ച് ബില്ലുകളും അനുബന്ധ രേഖകളും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് മടക്കി നൽകിയിരുന്നു. തുടർന്ന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ നിരസിച്ച നടപടി പുനപരിശോധിച്ച് തുക അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാതിക്കാരി ബഹു. ഹൈക്കോടതിയിൽ WP(C) No.30499/2021 പ്രകാരം കേസ് ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത കേസ് പരിഗണിച്ച ബഹു ഹൈക്കോടതി 15.03.2023 ലെ വിധിന്യായത്തിൽ അപേക്ഷ പുനഃപരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സെലിൻ.പി.ഡി യുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ 15.03.2023 ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നത് സംബന്ധിച്ച് നിയമ വകുപ്പിന്റെ അഭിപ്രായ സഹിതം ഫയൽ ലഭ്യമാക്കണമെന്ന് ആ വകുപ്പ് അഭിപ്രായപ്പെട്ടു. ആയത് പ്രകാരം ഫയൽ നിയമ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ടി വകുപ്പ് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം അറിയിച്ചു.

“ KGSMA Rule 8 (3)ഇപ്രകാരം പറയുന്നു.

8 (3)" Govt. servants who have no government medical institution within a radius of 5 miles of their station, may resort to such private institutions and the charges incurred by them would be reimbursed by the government to the extend they would have received such treatment free in a a Government institution or at the hands of an Authorised Medical Attendant."

note:-Private institutions recognised for treatment in Rule 8(3)should be resorted to only in cases of emergency and not as a routine course . Bills for reimbursement submitted as per the above rules should be certified by the nearest District medical officer of Health as to the emergency of each case.

ചട്ടം 8 (3) പ്രകാരമുള്ള സാഹചര്യം ഈ കേസിൽ ബാധകമാക്കാമോ എന്നതും നോട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം emergency സാഹചര്യം ആയിരുന്നോ എന്നതും വസ്തുതകളെ അടിസ്ഥാനപ്പെടുത്തി ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ്. എന്നാൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നിലപാട് അനുസരിച്ച് സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രിയിൽ അല്ലാതെ ചികിൽസ തേടുന്ന കേസുകളിൽ ചികിൽസാ തുക പ്രതിപൂരണം ചെയ്ത് നൽകുന്നത് പരിഗണനാർഹമല്ല എന്ന 34/2020/ധന പരിപത്രം 12.6.2020 തീയതിയിലാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്നു കാണുന്നു. ശ്രീമതി സെലിൻ.പി.ഡി ചികിൽസ തേടിയ കാലയളവ് 13.06.2017 മുതൽ 06.07.2017 വരെയാണ്. exhibit P-3 അപേക്ഷ നൽകിയിട്ടുള്ളത് 20-9-17 ന്ന് എന്നും കാണുന്നു. 12.6.2020 ന്ന പുറപ്പെടുവിച്ച ഒരു സർക്കുലറിലെ വ്യവസ്ഥ 2017 ലേക്ക് retrospective effect നൽകുവാൻ സാധിക്കുന്നതല്ല. ആയതിനാൽ പ്രസ്തുത സർക്കുലർ ഈ കേസിൽ ബാധകമാക്കുവാൻ സാധിക്കുന്നതല്ല.

സമാനമായ കോടതി വിധിയെ അടിസ്ഥാനപ്പെടുത്തി ബഹു ഹൈ കോടതി 15.03.2023 -ലെ വിധിന്യായത്തിൽ ഇപ്രകാരം ഉത്തരവായിട്ടുള്ളതുമാണ്:

"...Admittedly the petitioner in this case submitted the reimbursement application in 2017 and hence circular dated 12-06-2020 , which is referred as 2nd item in Ext p6 is not applicable".

ശ്രീമതി. സെലിൻ.പി.ഡി ചികിൽസ തേടിയ കാലയളവ് 13.06.2017 മുതൽ 06.07.2017 വരെയാണ് എങ്കിലും 28.12.2017 ലെ സ.ഉ.(പി) 83/2017/ആ.കു.വ പ്രകാരം ആലുവ, രാജഗിരി ആശുപത്രിയിലെ നെഫ്രോളജി വിഭാഗം സർക്കാർ എംപാനൽ ചെയ്തിട്ടുള്ളതായും കാണുന്നു. ചികിത്സാ കാലയളവിൽ petitioner ചികിത്സ തേടിയിരുന്ന ഹോസ്പിറ്റൽ സർക്കാർ empannel ചെയ്തിട്ടില്ലായിരുന്നു എന്ന സാങ്കേതിക കാരണം പറയാമെങ്കിലും ആയതിനും Shiv kant Jha v Union of India യിലെ വിധി ഉദ്ധരിച്ചു കൊണ്ടാണ് Ext.P3 പുനഃപരിശോധിച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

It is a settled legal position that the Government employee during his life time or after his retirement is entitled to get the benefit of the medical facilities and no fetters can be placed on his rights. It is acceptable to common sense, that ultimate decision as to how a patient should be treated vests only with the Doctor, who is well versed and expert both on academic qualification and experience gained. Very little scope is left to the patient or his relative to decide as to the manner in which the ailment should be treated. Speciality Hospitals are established for treatment of specified ailments and services of Doctors specialized in a discipline are availed by patients only to ensure proper, required and safe treatment. Can it be said that taking treatment in Speciality Hospital by itself would deprive a person to claim reimbursement solely on the ground that the said Hospital is not included in the Government Order. The right to medical claim cannot be denied merely because the name of the hospital is not included in the Government Order. The real test must be the factumof treatment. Before any medical claim is honoured, the authorities are bound to ensure as to whether the claimant had actually taken treatment and the factum of treatment is supported by records duly certified by Doctors/Hospitals concerned. Once, it is established, the claim cannot be denied on technical grounds. ..."

V.T. Thomas vs. Union of India and Ors. (05.10.2023 - KERHC) : MANU/KE/2796/2023 എന്ന കേസ്സിലെ വിധിന്യായത്തിൽ ബഹു കേരള ഹൈകോടതി ഇങ്ങനെ ഉത്തരവിട്ടിട്ടുണ്ട്. " The respondents also do not have a case in which they have issued directions/orders/circulars/ information to their servants informing them that if they require urgent intervention due to a life-threatening disease for which treatment cannot be prolonged, they can seek treatment at a specified/named hospital in the District. A person experiencing a serious ailment that requires prompt assistance cannot choose between hospitals. The medical records plainly show that the petitioner was suffering from serious pain, and he could not have travelled to either a wellness center or an empanelled hospital situated hundreds of kilometers away. The situation would have been different if the medical intervention could have been postponed to a later date. The legal position is clear that government employees, whether during their service or after retirement, have the right to medical facilities. The decision on how a patient

should be treated rests with the treating doctor. The focus should be on the actual treatment received, supported by certified records. Denying reimbursement on technical grounds is unjust. It is trite that the right to health is inextricably linked to the right to life protected by Article 21 of the Indian Constitution. The directions issued by the respondents do not make any distinction between elective and emergency interventions and hence cannot be utilized to deny the petitioner the medical reimbursement to which he is legally entitled. In view of the principles laid down and observations made above, I hold that there is no justification in reimbursing the petitioner, the amounts that he had actually incurred for the treatment, less the deductible expenses."

In view of the discussion above, the petitioner is entitled to succeed. I hold that the petitioner is entitled to get medical reimbursement of the expenses incurred by him, as is evidenced by Exhibit P3, P6, P10, and P14."

ആയതിനാൽ 12.6.2020- ലെ 34/2020/ധന പരിപത്രം, 28.12.2017 ലെ സ.ഉ.(പി) 83/2017/ആ.കു.വ എന്നിവയെ അടിസ്ഥാനപ്പെടുത്തി WP(C)NO.30499/2021- ലെ 15.03.2023 -ലെ വിധിന്യായത്തിനെതിരെ വിജയകരമായ അപ്പീലിന് സാധ്യത നിലനിൽക്കുന്നില്ല. ചട്ടം 8 (3) പ്രകാരമുള്ള സാഹചര്യം ഈ കേസിൽ ബാധകമാക്കാമോ എന്നതും നോട്ടിൽ പരാമർശിച്ചിട്ടുള്ള പ്രകാരം emergency സാഹചര്യം ആയിരുന്നോ എന്നതും വസ്തുതകളെ അടിസ്ഥാനപ്പെടുത്തി ഭരണ വകുപ്പ് പരിശോധിക്കേണ്ടതാണ് ".

5) നിയമ വകുപ്പിന്റെ മേൽ അഭിപ്രായത്തോടെ ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം അറിയിച്ചു.

"സമാന വിഷയമുള്ള കേസുകളിൽ സർക്കാർ ഇതിനകം അപ്പീലുകൾ ഫയൽ ചെയ്തിട്ടുള്ളതാണ്. ഈ കേസിൽ അപ്പീൽ ഫയൽ ചെയ്യാതെ തുക അനുവദിക്കുന്ന പക്ഷം, അത്തരത്തിലുള്ള കേസുകളെ കുടി ദോഷകരമായി ബാധിക്കാൻ ഇടയുണ്ട്. ഇപ്രകാരം ധാരാളം ക്ലെയിമുകൾ വരുന്നത് സർക്കാരിന്റെ ധനസ്ഥിയെ ഗുരുതരമായി ബാധിക്കുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ 12.6.2020ലെ 34/2020/ധന പരിപത്രത്തിലെ നിബന്ധനകളിൽ ഉറച്ച് നിന്നുകൊണ്ട് അപ്പീൽ ഫയൽ ചെയ്യുന്നതാണ് അഭികാമ്യം എന്ന് ഭ.വ.നെ അറിയിക്കുന്നു."

6) ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം WP(C)No.30499/2021- ലെ 15.03.2023 -ലെ വിധിന്യായത്തിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകുയുണ്ടായി. ഇതിനിടയിൽ WP(C)No.30499/2021 കേസിലെ 15.03.2023 ലെ വിധിന്യായം പാലിച്ചിട്ടില്ല എന്ന് ആരോപിച്ച് ശ്രീമതി. സെലിൽ പി.ഡി CoC 1878/2024 പ്രകാരം കോടതി അലക്ഷ്യ കേസ് ഫയൽ ചെയ്തു. WA 1237/2024 പ്രകാരം ഫയൽ ചെയ്ത അപ്പീൽ 22.08.2024-ൽ കോടതി തള്ളുകയുണ്ടായി. ആയതിനെ തുടർന്ന് CoC No.1878/2024 കോടതിയലക്ഷ്യ കേസ് പരിഗണിച്ച കോടതി, 13.09.2024 ന് മുമ്പ് വിധിന്യായം പാലിച്ചില്ലെങ്കിൽ ഒന്നാം എതിർ കക്ഷിയായ ചീഫ് സെക്രട്ടറി വീഡിയോ കോൺഫറൻസ് വഴി അന്നേ ദിവസം കോടതിയിൽ ഹാജരാകണമെന്ന് ഉത്തരവിൽ നിർദ്ദേശിച്ചു.

7) മേൽ സാഹചര്യത്തിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച്, കീഴ്‌വഴക്കമാകുകയില്ല എന്ന വ്യവസ്ഥയിൽ പരാതിക്കാരിയുടെ അപേക്ഷ പരിഗണിച്ച് അനുവദനീയമായി

ആരോഗ്യ വകുപ്പ് ഡയറക്ടർ രേഖപ്പെടുത്തിയിട്ടുള്ള തുകയായ 4,20,359/- രൂപയുടെ 80% തുകയായ 3,36,287/- രൂപ പ്രതിപൂരണം ചെയ്യുന്നതിന് അനുമതി നൽകിയും അപ്രകാരം WP(C) No.30499/2021- കേസിലെ 15.03.2023-ലെ വിധിന്യായം പാലിച്ചും ഉത്തരവ് പുറപ്പെടുവിയ്ക്കാമോ എന്നതിൽ ഉത്തരവിനായി ബഹു.മുഖ്യമന്ത്രിയ്ക്ക് ഫയൽ ചംക്രമണം ചെയ്തപ്പോൾ വിഷയം 11.09.2024 ലെ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

WP(C)No.30499/2021 കേസിലെ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത അപ്പീൽ തള്ളിയ സാഹചര്യത്തിൽ കോടതിയലക്ഷ്യ നടപടികൾ ഒഴിവാക്കുന്നതിനായി ഒരു പ്രത്യേക കേസായി പരിഗണിച്ച്, കീഴ്‌വഴക്കമാകുകയില്ല എന്ന വ്യവസ്ഥയിൽ എറണാകുളം ജില്ലയിലെ ആലുവ സെന്റ് മേരീസ് ഹൈസ്കൂളിലെ എച്ച്.എസ്.ടി (റിട്ട.) ശ്രീമതി സെലിൻ.പി.ഡിയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമായി രേഖപ്പെടുത്തിയിട്ടുള്ള തുകയായ 4,20,359/- രൂപയുടെ 80% തുകയായ 3,36,287/-രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തി ആറായിരത്തി ഇരുന്നൂറ്റി എൻപത്തി ഏഴ് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി അപ്രകാരം WP(C) No.30499/2021-ലെ ബഹു.ഹൈക്കോടതിയുടെ 15.03.2023-ലെ വിധിന്യായം നടപ്പിലാക്കാമോ?